"ഭരണഭാഷ - മാതൃഭാഷ"

നം. ICDS/B1-4295/17

സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508, ഫാക്സ്: 0471- 2346534
ഇ-മെയിൽ: swdicds@gmail.com
തീയതി: 06.11.2017

## പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ്. മിഷൻ - അങ്കണവാടികളുടെ സോഷ്യൽ ഓഡിറ്റ് രണ്ടാം ഘട്ടം - സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1) 21/04/2017 ലെ സ.ഉ.(സാധാ) നം. 249/2017/സാ.നീ.വ.
2) 29/06/2017 ലെ സ.ഉ.(സാധാ) നം. 419/2017/സാ.നീ.വ.
3) 16/08/2017 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ പരിപത്രം
4) 13/10/2017 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനായി വാർഡ് തലത്തിൽ വിവധ വിഭാഗത്തിൽ അംഗങ്ങളെ ഉൾപ്പെടുത്തി വാർഡ് മെമ്പർ ചെയർപേഴ്സനും, കുടുംബശ്രീ ADS കൺവീനറുമായി സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കുന്നതിനും ടി ടീമിന് പരിശീലനം നൽകുന്നതിനും മേൽ സൂചന (1), (2) പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. മേൽ സൂചന പ്രകാരം സോഷ്യൽ ഓഡിറ്റ് ടീം വാർഡ് തലത്തിൽ രൂപീകരിക്കുന്നതിനും വാർഡ് തല സോഷ്യൽ ഓഡിറ്റ് ടീമിന് പരിശീലനം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിലെ 1558 വാർഡുകളിൽ ആദ്യ ഘട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടമായി സൂചന (4) പ്രകാരം അനുവദിച്ചിരിക്കുന്ന ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ അവശേഷിക്കുന്ന മുഴുവൻ വാർഡുകളിലും രൂപീകരിച്ചിട്ടുള്ള വാർഡ് തല സോഷ്യൽ ഓഡിറ്റ് ടീമിന് പരിശീലനം നൽകേണ്ടതാണ്. ആദ്യഘട്ട സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സൂചന (3) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അയതിന് പുറമേ രണ്ടാം ഘട്ട സോഷ്യൽ ഓഡിറ്റ് നടത്തുമ്പോൾ ചുവടെ വിവരിക്കുന്ന അധിക നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

- സൂചന (4) പ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ടിൽ വാർഡ് എണ്ണത്തെ അധികരിച്ച് തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് 08/11/2017 ന് മുമ്പായി ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതുംപ്രസ്തുത് തുക സറണ്ടർ ചെയ്യേണ്ടതുമാണ്.

- സോഷ്യൽ ഓഡിറ്റ് രണ്ടാം ഘട്ടത്തിൽ അവശേഷിക്കുന്ന വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള സോഷ്യൽ ഓഡിറ്റ് ടീമിന് 23/10/2017 നും 26/10/2017 നും ഇടയ്ക്കുള്ള കാലയളവിൽ മാസ്റ്റർ ട്രെയിനർമാരായി പരിശീലനം ലഭിച്ച ICDS സൂപ്പർവൈസർമാർ ബന്ധപ്പെട്ട പഞ്ചായത്തുകളിലെ ടീമിന് പരിശീലനം നൽകേണ്ടതാണ്.
- ഇത്തരത്തിൽ പരിശീലനം ലഭിച്ച സോഷ്യൽ ഓഡിറ്റ് ടീം 2017 നവംബർ 1 നും നവംബർ 15 നും ഇടയിൽ അവശേഷിക്കുന്ന പഞ്ചായത്തുകളിലെ മുഴുവൻ അങ്കണവാടികളിലും സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കേണ്ടതാണ്.
- അങ്കണവാടി വർക്കർമാർ തന്നെ വാർഡ് മെമ്പർമാരായിട്ടുള്ള വാർഡുകളിൽ മാത്രം സോഷ്യൽ ഓഡിറ്റ് ടീമിന്റെ ചെയർപേഴ്സണായി റിട്ട. അധ്യാപകൻ/ സർക്കാർ ജീവനക്കാരനെ നിയോഗിക്കേണ്ടതാണ്.
- സോഷ്യൽ ഓഡിറ്റ് ടീമിൽ ST കൂടുതലുള്ള മേഖലകളിൽ SC പ്രൊമോട്ടർമാർക്ക് പകരം ST പ്രൊമോട്ടർമാറെ കൂടി പരിഗണിക്കാവുന്നതാണ്.
- 25/11/2017 തീയതിക്കകം റിപ്പോർട്ട് തയ്യാറാക്കേണ്ടതും 15/12/2017 ൽ ഗ്രാമസഭയിൽ റിപ്പോർട്ട് അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.
- അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തിയെടുക്കുക.
- ഓഡിറ്റ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ TOT മാരുടെ mail id കളിലേക്ക് നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ അങ്കണവാടികളിലും സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്.
- ആഡിറ്റിലൂടെ കണ്ടെത്തിയ വിഷയങ്ങൾ യഥാസമയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ICDS സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശ്രദ്ധയിൽ എത്തിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ആദ്യ ആഡിറ്റിൽ കണ്ടത്തിയ വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ടെന്ന് തുടർന്നുള്ള ആഡിറ്റിൽ ഉറപ്പ് വരുത്തുക.
- അങ്കണവാടിയിലൂടെ നൽകുന്ന സേവനങ്ങളെക്കുറിച്ചും ആയതിന്റെ ആവശ്യകതയെ ക്കുറിച്ചും പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സോഷ്യൽ ഓഡിറ്റ് ടീമിന് ഐ.സി.ഡി.എസ്. പദ്ധതി സംബന്ധിച്ച് അവബോധം നൽകേണ്ട ചുമതലയും ടി പ്രവർത്തനങ്ങൾ ഓരോ വാർഡിലും ഏകോപിപ്പിക്കേണ്ട ചുമതലയും ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിക്ഷിപ്തമാണ്.

- സോഷ്യൽ ഓഡിറ്റ് നടത്തുന്നുവെന്ന വിവരവും സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന ചെയർപേഴ്സനെയും മെമ്പറെയും ICDS സൂപ്പർവൈസർമാർ അറിയിക്കേണ്ടതും, പഞ്ചായത്ത് കമ്മറ്റിയുടെ ഒരു അംഗീകാരം കഴിയുമെങ്കിൽ ലഭ്യമാക്കേണ്ടതുമാണ്.
- സോഷ്യൽ ഓഡിറ്റിനായി സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുന്ന വാർഡ്തല സോഷ്യൽ ഓഡിറ്റ് ടീമിലെ കൺവീനറുടെയും, കുടുംബശ്രീ ADS ചെയർപേഴ്സ ണിന്റെയും പ്രാഥമിക യോഗം പഞ്ചായത്ത് തലത്തിൽ സൂപ്പർവൈസർമാർ സംഘടിപ്പിക്കേണ്ടതാണ്. ആയത് ശിശുവികസന പദ്ധതി ഓഫീസർമാർ വിലയിരുത്തേണ്ടതും വിവരം പ്രോഗ്രാം ആഫീസറെ അറിയിക്കേണ്ട തുമാണ്.
- അവശേഷിക്കുന്ന അങ്കണവാടികളിൽ സോഷ്യൽ ഓഡിറ്റ് 01/11/2017 മുതൽ 15/11/2017 നകം പൂർത്തിയായിരിക്കേണ്ടതാണ്.
- സോഷ്യൽ ഓഡിറ്റ് ടീം തയ്യാറാക്കിയ ആഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ വിളിച്ച് ചേർത്ത് അവതരിപ്പിച്ച് അംഗീകരിക്കുന്നതിനായുള്ള നടപടികൾ അതാത് സൂപ്പർവൈസർമാരിൽ നിക്ഷിപ്തമാണ്. ആയത് 15/12/2017 നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.
- അവശേഷിക്കുന്ന പഞ്ചായത്തുകളിൽ നടത്തിയ സോഷ്യൽ ഓഡിറ്റിന്റെ അവലോകനം ജില്ലാതല പ്രോഗ്രാം ആഫീസർ തലത്തിൽ 31/12/2017 ന് മുമ്പായി പൂർത്തിയാക്കേ ണ്ടതാണ്.
- വാർഡ്തല സോഷ്യൽ ഓഡിറ്റ് 15/11/2017 നകം പൂർത്തിയാക്കുവാൻ ജില്ലാ പ്രോഗ്രാം ആഫീസർമാർ, സീ.ഡി.പി.ഒ., സൂപ്പർവൈസർമാർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഓരോ ഐ.സി.ഡി.എസിലും ജില്ല പ്രോഗ്രാം ഓഫീസുകളിലും ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി സേഷ്യൽ ഓഡിറ്റിനായി ഒരു ഫയൽ ആരംഭിക്കേണ്ടതും ബന്ധപ്പെട്ട എല്ലാ രേഖകളും പ്രസ്തുത ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. ടി ഫയൽ വകുപ്പ്തല ഓഡിറ്റിൽ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- ഗ്രാമസഭയിൽ വച്ച് പാസാക്കുന്ന സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിരിക്കുന്ന വസ്തുതകളിൻ മേലുള്ള ശുപാർശയിൽ ഏതേത് തലത്തിലാണ് നടപടികൾ സ്വീകരിക്കാൻ ശുപാർശയുള്ളത് പ്രസ്തുത തലത്തിലേക്ക് ആയത് എത്തിക്കുന്നതിനും follow up നടത്തുന്നതിന്റെയും ചുമതല അതാത് സൂപ്പർവൈസർമാരിൽ നിക്ഷിപ്തമായിരിക്കും.

- ആദ്യ ഘട്ടത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുക വാർഡുകളുടെ എണ്ണത്തെ അധികരിച്ച് ഓഡിറ്റ് നടത്തേണ്ടി വരുമ്പോൾ അധികമായി ചെലവഴിക്കുന്ന തുക രണ്ടാം ഘട്ടത്തിൽ അനുവദിക്കുന്ന ഫണ്ടിൽ നിന്നും ക്രമീകരിക്കാവുന്നതാണ്.
- തുക അനുവദിച്ച വാർഡുകളുടെ എണ്ണത്തിൽ കുറഞ്ഞ എണ്ണം വാർഡുകളിലാണ് ആദ്യഘട്ടത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തിയതെങ്കിൽ അധികമായി വരുന്ന തുക രണ്ടാം ഘട്ടത്തിൽ അനുവദിക്കുന്ന ഫണ്ടിൽ CDPO മാർ ക്രമീകരിക്കേണ്ടതാണ്.

വാർഡ്തല കമ്മറ്റികൾക്കായി അനുവദിച്ചിട്ടുള്ള 1,000/രൂപ ചുവടെ വിവരിക്കുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

a) പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിലേയ്ക്കായുള്ള റിഫ്രെഷർ ചാർജ്ജ്, ഉച്ചഭക്ഷണം, ആവശ്യം വേണ്ട മെറ്റീരിയൽസ് എന്നിവയ്ക്കായി ചെലവഴിക്കേണ്ടതാണ്.
b) പരമാവധി ചെലവ് ചുരുക്കി മാത്രമേ പദ്ധതിയ്ക്കായി തുക ചെലവഴിക്കുവാൻ പാടുള്ളൂ. അനുവദിച്ച തുകയിൽ സേവിംഗ് വരികയാണെങ്കിൽ ആ തുക താഴെ വിവരിക്കുന്ന കാര്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

- കൈപുസ്തകത്തിന്റെ പകർപ്പ്, ഡാറ്റാ ഷീറ്റിന്റെ പകർപ്പ്, ഫൈനൽ റിപ്പോർട്ടിന്റെ പകർപ്പ്, DTP എന്നിവ എടുക്കുന്നതിനുള്ള ചെലവ.
- സോഷ്യൽ ഓഡിറ്റ് നടത്തുന്ന വിവരം പൊതു ജനങ്ങളെ അറിയിക്കുന്നതിനായി പോസ്റ്ററുകൾ പതിക്കുന്നതിനുള്ള ചെലവ്
- സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് അങ്കണവാടി, വാർഡ്തല മീറ്റിങ്ങുകളുടെ റിഫ്രഷർമെന്റിന് ഉപയോഗിക്കാവുന്നതാണ്.

ഏതെങ്കിലും വാർഡിൽ അങ്കണവാടി ഇല്ലാതെ വരികയാണെങ്കിൽ ഇതിനായി അനുവദിച്ച തുകയും മേൽ പറഞ്ഞ മാതൃകയിൽ ഉപയോഗിക്കാവുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്
കരുതൽ ശേഖരം

SSC/07.11.2017